സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ: 0471-2305318
ഇമെയിൽ: ecostatdir@gmail.com
തീയതി: **24/12/2021**

നമ്പർ: DES/4197/2021-EA2

# സർക്കുലർ

വിഷയം: - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ് - ജീവനകാര്യം - സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (SCORE) സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 18/08/2021 ലെ സ .ഉ.(സാധാ) നം. 3113/2021/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 2021 സെപ്റ്റംബർ 1 മുതൽ ഓൺലൈൻ (SCORE) സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുവാൻ നിർദ്ദേശം നൽകികൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വകുപ്പിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട/അനുവദിക്കേണ്ട/ റിവ്യൂ ചെയ്യേണ്ട എല്ലാ ഉദ്യോഗസ്ഥരും SCORE സോഫ്റ്റ് വെയറിൽ പേര് രജിസ്റ്റർ ചെയ്ത് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട/അനുവദിക്കേണ്ട/റിവ്യൂ ചെയ്യേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

SCORE സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിലേക്കായി ഉദ്യോഗസ്ഥർ www.score.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് Log in എന്ന മെയിൻ മെനുവിൽ Register എന്ന സബ് മെനു സെലക്റ്റ് ചെയ്ത് ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥരുടെ രജിസ്ട്രേഷൻ വകുപ്പിലെ SCORE സോഫ്റ്റ് വെയറിന്റെ നോഡൽ ആഫീസർ അപ്രൂവ് ചെയ്യുന്ന മുറയ്ക്ക് പാസ്സ് വേർഡ് രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ എസ്.എം.എസ് ആയി ലഭിക്കുന്നതാണ്. യൂസർ ഐ.ഡി എപ്പോഴും ഉദ്യോഗസ്ഥന്റെ പെൻ നമ്പർ തന്നെ ആയിരിക്കും. പ്രസ്തുത യൂസർ ഐ.ഡിയും, പാസ്സ് വേർഡും ഉപയോഗിച്ച് SCORE സോഫ്റ്റ് വെയറിലെ Log in മെനുവിന്റെ സഹായത്താൽ Log in ചെയ്ത് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി സമർപ്പിക്കുകയും/അനുവദിക്കുകയും/റിവ്യൂ ചെയ്യുകയും ചെയ്യാവുന്നതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ ആയി തയ്യാറാക്കി

സമർപ്പിക്കുന്ന വിധം സംബന്ധിച്ച മാർഗ്ഗനിർദ്ദേശ പുസ്തകം ഈ സർക്കുലറിനോടൊപ്പം ഉൾപ്പെടുത്തുന്നു. എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും SCORE സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച സംശയങ്ങൾക്ക് വകുപ്പിലെ തന്നെ നോഡൽ ആഫീസറുമായി ബന്ധപ്പെടാവുന്നതാണ്. നോഡൽ ആഫീസറുടെ പേരും , തസ്തികയും, മൊബൈൽ നമ്പർ ഉം ചുവടെ ചേർക്കുന്നു.

ശ്രീ. ശശീന്ദ്രൻ എസ്, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ – 9995884341

സെക്ഷൻ – 9539063832

**ഡയറക്ടർ**

വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും

Signature Not Verified
Digitally signed by Sajeevu P P
Date: 2021.12.24 07:02:37 IST
Reason: Approved